## 974

1 വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനിൽക്ക പ്രിയൻ
വരുവതിൽ താമസമേറെയില്ല-തന്റെ
വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ-ഒരുങ്ങിടാം

2 യുദ്ധങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പം പലവ്യാധികളാൽ ജനം
നശിച്ചിടുന്നു-രാജ്യം രാജ്യങ്ങളോടെതിർത്തു
തുടങ്ങിയല്ലോ-ഒരുങ്ങിടാം

3 കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്വരയിലല്ലയോ- ഒരു
സ്വസ്ഥതയുമില്ല മനുഷ്യർക്കിഹെ-ഒരുങ്ങിടാം

4 ആകാശത്തിൻ ശക്തി ഇളകുന്നതാൽ ഭൂവിൽ
എന്തു ഭവിക്കുമെന്നോർത്തുകൊണ്ട് -ജനം
പേടിച്ചു നിർജ്ജീവരായിടുന്നേ -ഒരുങ്ങിടാം

5 ബുദ്ധിമാന്മാർ പലർ വീണിടുന്നേ-ദൈവ
ശക്തി ത്യജിച്ചവരോടിടുന്നേ ലോക
മോഹങ്ങൾക്കധീനരായ് തീരുന്നതാൽ-ഒരുങ്ങിടാം

6 മേഘാരൂഢനായി വന്നിടുമെ പതിനായിരം പേരിലും
സുന്ദരൻ താൻ-തന്റെ കോമളരൂപം കണ്ടാനന്ദിപ്പാൻ ഒരുങ്ങിടാം

7 മാലിന്യപ്പെട്ടിടാതോടിടുക മണവാളൻ വരവേറ്റം അടുത്തുപോയി
മണിയറയിൽ പോയി നാം ആശ്വസിപ്പാൻ-ഒരുങ്ങിടാം